(ബി) താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

1. എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് മലയാളം
2. എച്ച്. എസ്. എ. നാച്ചുറൽ സയൻസ് മലയാളം
3. എച്ച്. എസ്. എ. സോഷ്യൽ സയൻസ് കന്നഡ
4. എച്ച്. എസ്. എ. മലയാളം
5. എച്ച്. എസ്. എ. ഹിന്ദി
6. എച്ച്. എസ്. എ. അറബി
7. ജൂനിയർ ഹിന്ദി (ഫുൾടൈം)
8. പി. ഡി. ടീച്ചർ മലയാളം
9. പി. ഡി. ടീച്ചർ കന്നഡ
10. പി.ഇ.റ്റി.എച്ച്.എസ്. മലയാളം
11. പി. ഇ.റ്റി.യു.പി. സെഷൻ മലയാളം
12. എൽ.ഡി.സി.
13. പ്യൂൺ.

(സി) നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) 19-6-2003-ലെ സർക്കാർ ഉത്തരവ് (പി) നം. 166/പൊ.വി. പ്രകാരം റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നികത്തുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികകൾ നികത്തുന്നതിന് വേണ്ട നടപടിയെടുക്കാൻ എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചാരുമൂട് കേന്ദ്രമാക്കി ഒരു എ. ഇ.ഒ. ഓഫീസ് ആരംഭിക്കാൻ നടപടി**

**118 (1428)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പന്തളം നിയോജകമണ്ഡലത്തിലെ ചാരുമൂട് കേന്ദ്രമാക്കി ഒരു എ.ഇ.ഒ. ഓഫീസ് വേണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ; ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആലപ്പുഴ ജില്ലയിലെ പന്തളം നിയോജകമണ്ഡലത്തിലെ ചാരുമൂട് കേന്ദ്രമാക്കി ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly